**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ളാലം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ മുത്തോലി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അധിക ചെലവ് **പ്രതിദിനം 910** രൂപ എന്ന നിരക്കിൽ കണക്കാക്കി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2375/2018/തസ്വഭവ          തിരുവനന്തപുരം, തീയതി 06.09.2018

പരാമർശം :- 1) 23/7/2018-ലെ ജി.ഒ.(ആർ.ടി)നം. 2007/2018/ത.സ്വ.ഭ.വ.
2) ളാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 06.07.2018 ലെ B/S 21/2018 നമ്പർ കത്ത്
3) കോട്ടയം ജില്ലാ കളക്ടറുടെ 10.07.2018 ലെ 490/DPC/KTM നമ്പർ കത്ത്
4) 13.08.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 2.2 ഖണ്ഡിക 4.7

**<u>ഉത്തരവ്</u>**

ളാലം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ മുത്തോലി ഗ്രാമപഞ്ചായത്തിൽ ക്ലീൻ കേരള കമ്പനി മുഖേന സ്ഥാപിച്ച പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ടി പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ വേതനം, കറണ്ട് ചാർജ്ജ് എന്നിവയ്ക്കായി 1,00,000 രൂപ വകയിരുത്തി ളാലം ബ്ലോക്ക് പഞ്ചായത്ത് പ്രോജക്റ്റ് (പ്രോജക്റ്റ്.നം 21/19) തയ്യാറാക്കിയിരുന്നെങ്കിലും ഈ പ്രോജക്റ്റിന് നൂതന പ്രോജക്റ്റുകൾക്കുള്ള ജില്ലാ സമിതി അംഗീകാരം നൽകിയിരുന്നില്ല. അതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനായി പരാമർശം (2)& (3) പ്രകാരം സമർപ്പിച്ചിരുന്നു. തുടർന്ന് ടി പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റിന്റെ വരവും ചെലവും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ കോർഡിനേഷൻ കമ്മിറ്റി ചുമതലപ്പെടുത്തി.. മുത്തോലി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റിന്റെ അധിക ചെലവ് പ്രതിദിനം 1759/- രൂപയാണെന്നും എന്നാൽ ഇതേ രീതിയിൽ ഉഴവൂർ ബ്ലോക്കിൽ പ്രവർത്തിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റിന്റെ അധിക ചെലവ് പരാമർശം(1) പ്രകാരം 910/- രൂപയായി നിശ്ചയിച്ചിട്ടുള്ളതിനാൽ മുത്തോലി യൂണിറ്റിന്റെ അധിക ചെലവ് പ്രതിദിനം 910/- രൂപ നിരക്കിൽ നൽകാവുന്നതാണെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ

റിപ്പോർട്ട് ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ളാലം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ മുത്തോലി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അധിക ചെലവ് **പ്രതിദിനം 910** രൂപ എന്ന നിരക്കിൽ കണക്കാക്കി പദ്ധതി നടപ്പിലാക്കുന്നതിന് 13.08.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം(4) പ്രകാരം അനുമതി നൽകി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ളാലം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ മുത്തോലി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അധിക ചെലവ് **പ്രതിദിനം 910** രൂപ എന്ന നിരക്കിൽ കണക്കാക്കി പദ്ധതി നടപ്പിലാക്കുന്നതിന് 13.08.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(4) -ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു എൽ**

**ഗവ. സ്പെഷ്യൽ സെക്രട്ടറി**

പ്രസിഡന്റ്/ സെക്രട്ടറി. മുത്തോലി ഗ്രാമപഞ്ചായത്ത്, കോട്ടയം
പ്രസിഡന്റ്/ സെക്രട്ടറി, ളാലം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ